**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **07-07-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭാ ജീവനക്കാർക്ക് ഭവനവായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവനവായ്പ നഗരസഭാ ജീവനക്കാർക്ക് ലഭ്യമാകുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ നേരിട്ട് അനുവദിക്കുന്ന ഭവന വായ്പ പദ്ധതി ഇപ്പോൾ നിലവിലില്ല. പകരം ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്നുള്ള പരിഷ്കരിച്ച ഭവന വായ്പ പദ്ധതിയാണുള്ളത്. ടി പദ്ധതിയിൽ നഗരസഭാ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | നഗരസഭാ ജീവനക്കാർ ഭവനവായ്പ ലഭിയ്ക്കുന്നതിന് അപേക്ഷിയ്ക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | നഗരസഭാ ജീവനക്കാർക്ക് എച്ച്.ബി.എ. ലഭിയ്ക്കുന്നതിന് അർഹതയുണ്ടോയെന്നത് വിശദമാക്കാമോ? | (സി) | കേരള സർക്കാരിന് കീഴിൽ സേവനത്തിലുള്ള അഖിലേന്ത്യ സർവ്വീസ് ജീവനക്കാർക്കും സംസ്ഥാന സർക്കാർ സർവ്വീസിലെ ജീവനക്കാർക്കുമുള്ള ഭവന നിർമ്മാണ വായ്പയാണ് ധനകാര്യ (എച്ച്.ബി.എ.)വകുപ്പ് കൈകാര്യം ചെയ്യുന്നത്. നഗരസഭാ ജീവനക്കാർക്ക് സർക്കാർ എച്ച്.ബി.എ. വായ്പ എടുക്കുന്നതിന് അർഹതയില്ല. |

സെക്ഷൻ ഓഫീസർ